കാർഷികാദായനികുതി

കമ്പനികളുടെ മേൽ ചുമത്തുന്ന കാർഷികാദായ നികുതിയുടെ ഘടന നികുതി അന്വേഷണക്കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്യുവാനുദ്ദേശിക്കുന്നു. ഇപ്പോഴത്തെ വെവ്വേറെ ചുമത്തിവരുന്ന സൂപ്പർ ടാക്സും സർചാർജും, പുതിയ പദ്ധതി അനുസരിച്ച് അടിസ്ഥാന നികുതിയിൽത്തന്നെ ലയിപ്പിക്കുന്നതാണ്.

നികുതിയുടെ നിരക്ക് താഴെപ്പറയും പ്രകാരമായിരിക്കും:—

എ. സ്വദേശികമ്പനികൾ

ആദായം 25,000 രൂപയിൽ കൂടുന്നില്ലെങ്കിൽ	മൊത്തം ആദായത്തിന്റെ 45 ശതമാനം.
ആദായം 25,000 രൂപയിൽ കൂടുകയോ എന്നാൽ പത്തുലക്ഷം രൂപയിൽ കൂടാതിരിക്കയോ ചെയ്താൽ	മൊത്തം ആദായത്തിന്റെ 55 ശതമാനം.
ആദായം പത്തുലക്ഷം രൂപയിൽ കൂടിയാൽ	മൊത്തം ആദായത്തിന്റെ 65 ശതമാനം.

എന്നാൽ മൊത്തം ആദായം 25,000 രൂപയിൽ കൂടുതലുള്ള സ്വദേശ കമ്പനികൾ നൽകേണ്ടതായ ആദായ നികുതിയുടെ ഒട്ടാകെയുള്ള തുക താഴെപ്പറയുന്നതിൽ കൂടാൻ പാടില്ലാത്തതാകുന്നു:—

(1) കമ്പനിയുടെ ആകെ ആദായം 25,000 രൂപയായിരുന്നെങ്കിൽ കൊടുക്കേണ്ടിയിരുന്ന ആദായനികുതിയും.

(2) 25,000 രൂപയ്ക്കുള്ള തുകയ്ക്ക് 80 ശതമാനം നികുതിയും.

ബി. വിദേശക്കമ്പനികൾ

സ്വദേശി കമ്പനികളല്ലാത്ത മറ്റു കമ്പനികളുടെ കാര്യത്തിൽ	മൊത്തം ആദായത്തിന്റെ 75 ശതമാനം.

മേൽവിവരിച്ച മാറ്റങ്ങളിൽ നിന്നു 40 ലക്ഷം രൂപയുടെ അധികവരവ് പ്രതീക്ഷിക്കുന്നു.

കെട്ടിടനികുതി

1970 ഏപ്രിൽ ഒന്നാംതീയതിക്കുശേഷം പുതുതായി പണിയുന്ന കെട്ടിടങ്ങളുടെ മേലും അതുപോലെതന്നെ നിലവിലുള്ള കെട്ടിടങ്ങളുടെ പുതുക്കിപ്പണി, അറ്റകുറ്റം തീർക്കൽ മുതലായവയ്ക്കും, ആവർത്തന സ്വഭാവമില്ലാത്ത ഒരു നികുതി ചുമത്തുവാനുദ്ദേശമുണ്ട്. ഈ നികുതിയുടെ നിരക്കുകൾ

LIBRARY ARCHIVES Kerala Legislative Assembly